(ഡി) ഈ ഫാമുകളിൽ അത്യന്താധുനിക കൃഷി രീതികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഈ ഫാമുകളിൽ സ്വീകരിച്ചിട്ടുള്ള കൃഷി രീതികൾ സംസ്ഥാനത്തെ മറ്റു കൃഷി ഫാമുകളിലും സ്വീകരിക്കുമോ ?

ഉത്തരം

(എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഫാമുകൾ നടത്തുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയ കർഷകരാണ് കൃഷി ചെയ്യുന്നത്. പച്ചക്കറികളും പഴങ്ങളുമാണ് പ്രധാന കൃഷി. ഇവർ അത്യാധുനിക കൃഷി രീതികൾ അവലംബിച്ചു വരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കാർഷികോല്പന്നങ്ങളുടെ കയറ്റിറക്കുമതി നയം

104 [2001] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, മഞ്ഞളാംകുഴി അലി:

,, ടി. പി. രാമകൃഷ്ണൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന കയറ്റിറക്കുമതി നയം സംസ്ഥാനത്തെ കാർഷികോൽപന്നങ്ങളുടെ വിലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കാർഷികോൽപ്പന്നങ്ങൾക്കാണ് ഇതുമൂലം വിലയിടിവ് ഉണ്ടായിട്ടുള്ളതെന്ന് പറയാമോ ;

(സി) കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കണക്കിലെടുത്ത് ഏതെല്ലാം കാർഷികോല്പന്നങ്ങൾക്കാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം സംസ്ഥാനത്തിന് കഴിഞ്ഞ മൂന്ന് വർഷമുണ്ടായ നഷ്ടം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന കയറ്റിറക്കുമതി നയങ്ങൾമൂലം സംസ്ഥാന കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഡബ്ളിയു. റ്റി. ഒ.യുടെ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് സോയാബീൻ എണ്ണയൊഴികെ മറ്റുള്ളവയ്ക്ക് ഭക്ഷ്യ എണ്ണയുടെ കാര്യത്തിൽ 300 ശതമാനം വരെ ഇറക്കുമതി തീരുവ ഏർപ്പെടുത്താമെങ്കിലും അസംസ്കൃത പാമോയിലിന് 65%വും ആർ. ബി. ഡി. പാമോയിലിന് 75%വുമാണ് തീരുവ ചുമത്തിയിരുന്നത് എന്നാൽ 2005 ഫെബ്രുവരി 15-ാം തീയതി ഇവയ്ക്ക് യഥാക്രമം 80 % -വും 90%-വും ആയി തീരുവ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇറക്കുമതി ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതുകൊണ്ട് ആഭ്യന്തരമായി ഉല്പാദിക്കുന്ന വെളിച്ചെണ്ണപോലുള്ള ഭക്ഷ്യ എണ്ണയുടെ വിലയേയും ഉപഭോഗത്തേയും സാരമായി ബാധിക്കുന്നതായി കാണുന്നു. ശ്രീലങ്കയുമായുണ്ടാക്കിയ സ്വതന്ത്ര വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ തീരുവ രഹിതമായി ആ രാജ്യത്തു നിന്നുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി വർദ്ധിച്ചു വരുന്നതായി കാണുന്നു. കുരുമുളക് പോലുള്ള ഉല്പന്നങ്ങളുടെ അനിയന്ത്രിതമായ തീരുവ രഹിത ഇറക്കുമതി വർദ്ധിക്കുന്നതിനാൽ ആഭ്യന്തര ഉല്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടായിട്ടുണ്ട്.

(ബി) പ്രധാനമായും അടയ്ക്ക, കുരുമുളക്, നാളികേരോല്പന്നങ്ങൾ എന്നീ ഉല്പന്നങ്ങളെയാണ് വിലത്തകർച്ചയുടെ ആഘാതം ഏറ്റവുമധികം ബാധിച്ചിട്ടുള്ളത്.

(സി) വിലത്തകർച്ച രൂക്ഷമായി അനുഭവപ്പെടുന്ന അടയ്ക്കാ, കുരുമുളക് എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭിക്കുന്നതിനായി അവയുടെ സംഭരണം നടന്നുവരുന്നു. അടയ്ക്ക കർഷകർക്ക് കിലോഗ്രാമിന് മാർക്കറ്റ് വിലയേക്കാൾ പരമാവധി 10 രൂപ വരെ അധികം നൽകി കാംപ്കോ മുഖാന്തിരം സംഭരണം നടത്തുന്നതിന് 10 കോടി രൂപ വകയിരുത്തി സംഭരണ നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. 28-2-2005 വരെ 7131 കർഷകരിൽ നിന്നായി 2735.52 ടൺ അടയ്ക്ക സംഭരിച്ചു കഴിഞ്ഞു. കുരുമുളക് സംഭരണം കിലോഗ്രാമിന് 75 രൂപ നൽകി മാർക്കറ്റ് ഫെഡ് മുഖാന്തിരം നടന്നു വരുന്നു. 25-2-2005 വരെ 7002 കർഷകരിൽ നിന്നായി 1149.182 ടൺ കുരുമുളക് സംഭരിച്ചുകഴിഞ്ഞു.

(ഡി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കണക്കിലെടുത്ത് നെല്ല്, കൊപ്ര എന്നീ ഉല്പന്നങ്ങൾക്കാണ് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ താങ്ങുവില നിശ്ചയിക്കുന്നത്.

(ഇ) അപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കപ്പെട്ടിട്ടില്ല.

ഫാമിങ്ങ് കോർപ്പറേഷൻ തൊഴിലാളികളെ പുനരധിവസിപ്പിക്കൽ നടപടി

105 [2002] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിംഗ് കോർപ്പറേഷന്റെ എത്ര ഏക്കർ സ്ഥലമാണ് ശബരിമല വികസനത്തിന് ഏറ്റെടുക്കുന്നതിനായി ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly